"ഭരണഭാഷ മാതൃഭാഷ"

## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -സർക്കാർ കോളേജുകൾ-ജീവനക്കാര്യം-മലയിൻകീഴ് മാധവകവി സ്മാരക സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് -മാത്തമാറ്റിക്സ് അസിസ്റ്റന്റ് പ്രൊഫസ്സറായ ഡോ അഖിൽ സി കെ-യ്ക്ക് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലേക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ:A2/40504/2023/DCEതിരുവനന്തപുരം തീയതി:17.10.2023

*പരാമർശം:*-1.23.08.23 ലെ സ ഉ (സാ ധാ) നമ്പർ 1320/23/HEDN സർക്കാർ ഉത്തരവ്
2.25.09.2023-ലെ ബി1/564/23/MMSMLKZH നമ്പർ കത്ത്
3.ഡോ അഖിൽ സി കെ-യുടെ 21.09.2023 തീയതിയിലെ അപേക്ഷ.

**ഉത്തരവ്**

മലയിൻകീഴ് മാധവകവി സ്മാരക സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ അഖിൽ സി കെ- യ്ക്ക് തന്റെ ഗവേഷണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ നിലവിലെ ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകണമെന്ന് പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. പരാമർശം (1) പ്രകാരം മാത്തമാറ്റിക്സ് വിഭാഗം പ്രൊഫസ്സർ ഡോ മണിലാൽ കെ-യ്ക്ക് പ്രിൻസിപ്പാൾ തസ്തികയിലേക്ക് താത്കാലിക പ്രൊമോഷൻ നൽകിയതുമൂലം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (3) അപേക്ഷ പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഉണ്ടായ ഒഴിവിലേക്ക് മലയിൻകീഴ് മാധവകവി സ്മാരക സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ അഖിൽ സി കെ-യ്ക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ തസ്തികയിലേക്ക് നടത്തിയിട്ടുള്ള സ്ഥാനക്കയറ്റം താൽക്കാലികമാകയാൽ താൽക്കാലിക സ്ഥാനക്കയറ്റം സ്ഥിരീകരിക്കാനാകാത്ത സാഹചര്യം ഉണ്ടായാൽ സ്ഥലം മാറ്റം പുനഃപരിശോധനക്ക് വിധേയമായിരിക്കും എന്ന് കൂടി വ്യവസ്ഥ ചെയ്യുന്നു. ജോലിയിൽ നിന്നും വിടുതൽ ചെയ്യതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ RTC സഹിതം പ്രിൻസിപ്പാൾമാർ അറിയിക്കേണ്ടതാണ്.

Approval Valid

Digitally Approved By
സുധീർ. കെ ഐ.എ.എസ്സ്
Date: 17.10.2023
Reason: Approved

Sd/-
സുധീർ. കെ ഐ.എ.എസ്സ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
0471-2303548
dir.colledn@kerala.gov.in

സ്വീകർത്താവ്,

1.ബന്ധപ്പെട്ട വ്യക്തിക്ക്
2.ബന്ധപ്പെട്ട പ്രിൻസിപ്പൾമാർ
3.അക്കൗണ്ടന്റ് ജനറൽ (എ&ഇ)4.കരുതൽ ഫയൽ /ഓഫീസ് ഫയൽ